**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 364** **28.05.2019 - ൽ മറുപടിക്ക്.**

**റേഷൻ വാങ്ങാത്ത മുൻഗണന വിഭാഗക്കാർ**

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.കെ.ജെ. മാക്സി :** | | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)** |
| (എ) | സംസ്ഥാനത്തെ ആകെ റേഷൻ കാർഡ് ഉടമകളുടെ എണ്ണം എത്രയാണ്; | (എ) | സംസ്ഥാനത്ത് ആകെ 85,60,430 റേഷൻ കാർഡ് ഉടമകൾ ഉണ്ട്. |
| (ബി) | ഇതിൽ സ്ത്രീകൾ (കുടുംബനാഥ) ഉടമകളായ കാർഡുകൾ പുരുഷൻമാർ (കുടുംബനാഥൻ) ഉടമകളായ കാർഡുകൾ എന്നിവ തിരിച്ച് എണ്ണം വ്യക്തമാക്കുമോ; | (ബി) | സ്ത്രീകൾ (കുടുംബനാഥ) ഉടമകളായ കാർഡുകൾ - 81,39,242 പുരുഷൻമാർ (കുടുംബനാഥൻ) ഉടമകളായ കാർഡുകൾ-4,21,188 |
| (സി) | ഭക്ഷ്യഭദ്രതാ നിയമ പ്രകാരം റേഷൻ കാർഡ് ഉടമ സ്ത്രീയാകണം എന്നിരിക്കെ പുരുഷൻമാർ ഉടമകളായി തുടരുന്നതിനെകുറിച്ച് സത്വര അന്വേഷണം നടത്തി തെറ്റ് തിരുത്തുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം വ്യക്തമാക്കുമോ; | (സി) | സംസ്ഥാനത്ത് പ്രായപൂർത്തിയായ സ്ത്രീകൾ അംഗങ്ങളല്ലാത്തവരും സ്ത്രീകൾ ഉൾപ്പെട്ടിട്ടില്ലാത്ത കാർഡുകൾ ഉള്ളതുമായ പുരുഷൻമാർക്കാണ് നിലവിൽ ഉടമയായി കാർഡ് അനുവദിക്കുന്നത്. അങ്ങനെയല്ലാത്ത കാർഡുകളുടെ പട്ടിക പരിശോധിച്ച് തിരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | ആകെ റേഷൻ കാർഡുകളിൽ എത്ര കാർഡുകളിലായി എത്ര പേരാണ് നിലവിൽ മുൻഗണന വിഭാഗത്തിലുള്ളത്; | (ഡി) | ആകെ റേഷൻ കാർഡുകളിൽ നിലവിൽ 36,63,681 മുൻഗണനാ കാർഡുകളിലായി 1,54,32,197 പേരാണ് മുൻഗണനാ വിഭാഗത്തിൽ(അന്ത്യോദയ അന്നയോജന+ മുൻഗണനാ) ഉള്ളത്. |

(ഇ) സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണന വിഭാഗത്തിൽപ്പെട്ട എത്ര കുടുംബങ്ങൾ ഉണ്ടെന്നാണ് വിലയിരുത്തിയിട്ടുള്ളത്; വ്യക്തമാക്കുമോ;

(എഫ്) കുറഞ്ഞ നിരക്കിൽ നൽകുന്ന റേഷൻ സാധനങ്ങൾ സ്ഥിരമായി വേണ്ടാത്ത മുൻഗണന വിഭാഗത്തിൽപ്പെട്ട ഇത്തരക്കാരെ അന്വേഷണവിധേയമായി നീക്കം ചെയ്ത് ഒഴിവു വരുന്ന സ്ഥാനത്തേക്ക് മുൻഗണന പട്ടികയ്ക്ക് പുറത്തുള്ള അർഹരായവരെ ഉൾപ്പെടുത്തുവാൻ സത്വര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

(ഇ) യും (എഫ്) യും 2019 ജനുവരി മുതൽ മാർച്ച് മാസം വരെ സ്ഥിരമായി റേഷൻ വാങ്ങാത്ത മുൻഗണനാ വിഭാഗത്തിൽപ്പെട്ട 70,000 കുടുംബങ്ങൾ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്. പ്രസ്തുത റേഷൻ കാർഡുകൾ പരിശോധിച്ച് അർഹരായവരെ ഉൾപ്പെടുത്തി അനർഹരെ ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**സെക്ഷൻ ഓഫീസർ**